ഉത്തരം

(എ&ബി) സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതിയിൽ നെൽകൃഷി വികസനം, പച്ചക്കറി വികസനം, പയർവർഗ്ഗ-കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സാമ്പത്തിക വർഷം	സംയോജിത ഭക്ഷ്യവിള പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കി വച്ച തുക (ലക്ഷം രൂപയിൽ)	ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)
1	2012-13	10006.70	9966.69
2	2013-14	11250.00	10839.12
3	2014-15	10352.00	9826.02
4	2015-16	10382.00	7210.52 (31-1-2016 വരെ)

നാളികേര ബയോ പാർക്ക്

188 (1563) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ജില്ലാകൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശിലാസ്ഥാപനം നടത്തി രണ്ട് വർഷം പൂർത്തിയാകാൻ പോകുമ്പോഴും പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ;

(ഡി) നബാർഡിൽ നിന്നും ഈ പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചതിനുശേഷം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് താൽപ്പര്യമുള്ള സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

(സി-ഇ) RIDF XXII-ൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

വിഷരഹിത പച്ചക്കറികൾ

189 (1564) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കുന്നതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ജൈവകീടനാശിനികളും കീടങ്ങളെ അതിജീവിക്കുന്ന വിത്തുകളും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഷവിമുക്തമായ പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ പ്രത്യേക ലേബലിൽ വിപണിയിൽ ലഭ്യമാക്കുക എന്നതാണ് 'സേഫ് ട്ടു ഈറ്റ് ' പദ്ധതിയുടെ ഉദ്ദേശ്യം. നല്ല കൃഷിരീതികൾ (Good Agricultural Practices) അവലംബിച്ചു കൊണ്ട് വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. PGS (Praticipatory Guarantee System) വഴി പച്ചക്കറികളിലേയും പഴങ്ങളിലേയും ഗുണമേന്മ ഉറപ്പുവരുത്തുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രധാന ഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നഗരങ്ങളിലെ മട്ടുപ്പാവ് കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റുസർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെയും വളപ്പുകളിലെ കൃഷി എന്നിവ പ്രധാനമായും ജൈവരീതിയിൽ ഊന്നിയാണ് നടപ്പിലാക്കുന്നത്. വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ജൈവരീതികൾ അവലംബിക്കാൻ കർഷകർക്ക് പ്രേരണ നൽകുന്നതിനായി ബ്ലോക്ക്തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly